ഉത്തരം

(എ) ഗാർഹിക പീഡന നിരോധന നിയമപ്രകാരം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടുമാസത്തിനിടെ 14 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല.

(സി&ഡി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ബാധകമല്ല.

ട്രാഫിക് നിയമലംഘനങ്ങൾ

153 (1858) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാഫിക് നിയമലംഘനങ്ങൾമൂലം വാഹനാപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര ട്രാഫിക് നിയമലംഘനങ്ങൾ നടന്നിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണത്തിലായി എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) ട്രാഫിക് നിയമലംഘനം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ വാട്സ് ആപ്പ് സംവിധാനം ഉപയോഗിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ നമ്പർ അറിയിക്കുമോ ;

(ഡി) വാട്സ് ആപ്പ് വഴി ലഭിച്ച പരാതികൾക്ക് പിഴ ഈടാക്കിയതിന്റെ വിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന പോലീസ്, ട്രാഫിക് നിയമ ലംഘനങ്ങൾ സംബന്ധിച്ച് 838221 കേസ്സുകളും 15881103 പെറ്റി കേസ്സുകളും എടുത്തിട്ടുണ്ട്. ഇവയിൽ 1,58,81,103 പെറ്റി കേസ്സുകളിൽ നിന്നുമായി 2,27,73,32,661 രൂപ പിഴയായി ഈടാക്കിയിട്ടുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. നമ്പരുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

ജില്ല	നമ്പർ
തിരുവനന്തപുരം സിറ്റി	9497930008
കോട്ടയം	9497932001
ഇടുക്കി	9747001099
തൃശ്ശൂർ സിറ്റി	7025930100
പാലക്കാട്	7025940100
മലപ്പുറം	9497976040

(ഡി) വാട്സ് ആപ്പ് വഴി ലഭിച്ച 136 പരാതികളിലായി ആകെ 6000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

ജനമൈത്രി പോലീസ്

154 (1859) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി പോലീസ് പദ്ധതിയിലെ കമ്മറ്റിയംഗങ്ങൾക്കിടയിൽ സ്ഥാപിത താൽപര്യക്കാർ കടന്നുകൂടുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) അയൽ വീടുകൾ തമ്മിലുള്ള പ്രശ്നങ്ങളിൽ ജനമൈത്രി സമിതി അംഗങ്ങളുടെ ഏതുതരം ഇടപെടലാണ് ഈ പദ്ധതിയിൽ നിഷ്കർഷിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് 'സുരക്ഷാ സമിതി.' സമിതി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിൽ ജനമൈത്രി സുരക്ഷാ പദ്ധതി കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ സഹായത്തോടെ അതത് സർക്കിൾ ഇൻസ്പെക്ടർമാർ അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കുകയും സബ് ഡിവിഷണൽ പോലീസ് ഓഫീസർ അത് പരിശോധിച്ച് ജില്ലാ പോലീസ് സൂപ്രണ്ടിന് സമർപ്പിക്കുകയും അതുപ്രകാരം സമിതി രൂപീകരിക്കുകയുമാണ് ചെയ്യുന്നത്. ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ

LIBRARY ARCHIVES Kerala Legislative Assembly.